# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 247 — 26/02/2018-ൽ മറുപടിക്ക്

## സ്വകാര്യ ഹെൽത്ത് ലാബുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്തെ സ്വകാര്യ ഹെൽത്ത് ലാബുകൾ ടെസ്റ്റുകൾ നടത്തുന്നതിനായി ഭാരിച്ച തുക പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | സംസ്ഥാനത്തെ സ്വകാര്യ ലാബുകളിൽ ഒരോ ടെസ്റ്റുകൾക്കും ഒരേ നിരക്കിൽ തുക ഈടാക്കുന്നതിന് നിർദ്ദേശം നൽകുമോ; | ബി) | നിലവിൽ സംസ്ഥാനത്തെ സ്വകാര്യ ലാബുകളുടെ നിയന്ത്രണം സർക്കാരിൽ നിക്ഷിപ്തമല്ലാത്തതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയില്ല. എന്നാൽ 2017 ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ നിയമസഭ പാസാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു പരിധിവരെ നിയന്ത്രണം ബാധകമാക്കാൻ കഴിയുന്നതാണ്. |
| സി) | ജില്ലാ, താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് സർക്കാർ വക ആധുനിക പരിശോധന ലാബുകൾ (സി ടി സ്കാൻ, എം ആർ ഐ സ്കാൻ) ഉൾപ്പെടെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) | ആർദ്രം പദ്ധതിയുടെ ഭാഗമായുള്ള വികസന പ്രവർത്തനങ്ങൾ ജില്ലാ, താലൂക്ക് ആശുപത്രികളിൽ നടപ്പാക്കുന്നതോടെ കുറെമാറ്റങ്ങൾ ഈ രംഗത്ത് ഉണ്ടാകുന്നതാണ്. സി.റ്റി സ്കാൻ തുടങ്ങിയവയടക്കം സ്ഥാപിക്കുന്ന കാര്യം പരിശോധിച്ച് നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ